# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 410 — 25.06.2019 -ൽ മറുപടിയ്ക്ക്

### അദ്ധ്യാപക ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ

ചോദ്യം — ഉത്തരം

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി)

**ശ്രീ.പി.കെ. ശശി**
**ശ്രീ.എം. സ്വരാജ്**
**ശ്രീമതി.വീണാ ജോർജ്ജ്**
**ശ്രീ.ബി.സത്യൻ**

| ചോദ്യം | ഉത്തരം |
|---|---|
| എ) പരീക്ഷാധിഷ്ഠിത മൂല്യനിർണ്ണയത്തിൽ പരിമിതപ്പെടുത്താതെ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ യഥാസമയം പരിഹരിച്ച് മുന്നോട്ട് പോകുന്നതിന് നിരന്തര വിലയിരുത്തൽ പ്രക്രിയ ഫലപ്രദമായ തരത്തിൽ പ്രാവർത്തികമാക്കാൻ സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) ഉണ്ട്. നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുക എന്ന സമീപനമാണ് പൊതുവിദ്യാഭ്യാസ വകുപ്പിനുള്ളത്. നിലവിലുള്ള പരിമിതികളെ മറികടന്ന് നിരന്തരമൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നു. |
| ബി) ഈ പ്രക്രിയ കാര്യക്ഷമമായി മുമ്പോട്ടുകൊണ്ടുപോകാൻ അദ്ധ്യാപക ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | ബി) അവധിക്കാല അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായി നിരന്തര മൂല്യനിർണ്ണയത്തിനു വേണ്ട പ്രയോഗിക പരിശീലനം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട് നിരന്തര മൂല്യനിർണ്ണയം എന്നാൽ നിരന്തര പിന്തുണയാണ് എന്ന സന്ദേശം അദ്ധ്യാപകരിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. അദ്ധ്യാപക ശാക്തീകരണത്തിനും അതിലൂടെ നിരന്തര മൂല്യനിർണയം ഉൾപ്പെടെയുള്ള ക്ലാസ്സ്റൂം പ്രവർത്തനങ്ങളിൽ വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗവും ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് നാലു ദിവസത്തെ പ്രത്യേക ഐ.സി.ടി പരിശീലനം 2019 ഏപ്രിൽ,മെയ് മാസങ്ങളിൽ നൽകി ലോവർ പ്രൈമറി (45166),അപ്പർ പ്രൈമറി (36760),ഹൈസ്കൂൾ (26860) ഹയർസെക്കന്ററി വെക്കേഷണൽ ഹയർസെക്കന്ററി (22761) അദ്ധ്യാപകർ പരിശീലനത്തിൽ പങ്കെടുത്തു. |

സി) അദ്ധ്യാപന വികസന പരിപാടികൾ, അദ്ധ്യാപക വിദ്യാഭ്യാസം, നൂതന മാതൃകകളുടെ പ്രചരണം തുടങ്ങിയ മേഖലകളിൽ എസ്.സി.ഇ.ആർ.ടി. നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

സി) അവധിക്കാല പരിശീലനത്തിനു വേണ്ട മൊഡ്യൂൾ വികസിപ്പിച്ച് സമഗ്രശിക്ഷ കേരള ,കൈറ്റ് ,ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് എന്നിവയ്ക്ക് അദ്ധ്യാപക പരിശീലനത്തിന് പശ്ചാത്തലമൊരുക്കി ഡയറ്റ് ഫാക്കൽറ്റികൾക്ക് ഏഴ് ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് സംഘടിപ്പിച്ചു. ഹയർസെക്കണ്ടറിയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്നുള്ള ദശദിന അദ്ധ്യാപക പരിശീലനത്തിനുള്ള മൊഡ്യൂൾ വികസിപ്പിച്ചു നൽകി. പുതുതായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് ജില്ലാതലത്തിൽ പരിശീലനം നൽകുന്നതിനുള്ള മൊഡ്യൂൾ വികസിപ്പിച്ച് ഡിപ്ലോമ ഇൻ എലമന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്) പാഠ്യപദ്ധതി പരിഷ്കരിക്കുകയും പഠനവിഭവങ്ങൾ തയ്യാറാക്കുകയും ചെയ്തു . സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന നൂതനാശയ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്തു.ഗവേഷണാത്മക പഠനമാതൃകകൾ വികസിപ്പിച്ച് പരീക്ഷിക്കാൻ അദ്ധ്യാപകർക്ക് പിന്തുണ നൽകി.നിരന്തര മൂല്യനിർണ്ണയത്തിന്റെ മാതൃകകൾ വികസിപ്പിച്ച് വിവിധ സ്കൂളുകളിൽ 'ട്രൈ ഔട്ട് ' നടത്തി. ഭാഷാ പഠനത്തിൽ പ്രത്യേക പിന്തുണ ആവശ്യമായ സെക്കണ്ടറിയിലെ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് 'എന്റെ മലയാളം' എന്ന ഗവേഷണ പദ്ധതി നടപ്പിലാക്കുകയും വ്യാപനത്തിന് സമഗ്രശിക്ഷ കേരളയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഡോക്യുമെന്റ് ചെയ്ത നൂതനാശയ പ്രവർത്തനങ്ങൾക്ക് അവധിക്കാല പരിശീലനത്തിലൂടെ പ്രചാരം നൽകി. ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താൻ 'റിലീഷ്' ഇംഗ്ലീഷ് പദ്ധതി നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ